**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 874** **24-02-2022 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി ഫോറസ്റ്റ് ഡിവിഷനിലെ താൽക്കാലിക ഫോറസ്റ്റ് വാച്ചർമാർക്ക് ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി ഫോറസ്റ്റ് ഡിവിഷനിലെ വെള്ളികുളങ്ങര റേയിഞ്ചിനു കീഴിലുള്ള താൽക്കാലിക ഫോറസ്റ്റ് വാച്ചർമാർക്ക് നാലുമാസക്കാലമായി ശമ്പളം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചാലക്കുടി ഫോറസ്റ്റ് ഡിവിഷനിലെ വെള്ളികുളങ്ങര റെയിഞ്ചിനു കീഴിലുള്ള താൽക്കാലിക ഫോറസ്റ്റ് വാച്ചർമാർക്ക് ഒക്ടോബർ 2021 വരെയുള്ള വേതനം നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം നവംബർ മാസത്തെ ശമ്പളം കുറച്ച് പേർക്ക് മാത്രമേ നൽകിയിട്ടുള്ളൂ. 2021 ഡിസംബർ, 2022 ജനുവരി മാസങ്ങളിലെ ശമ്പളവും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം നൽകാൻ ബാക്കിയുണ്ട്. |
| (ബി) | ശമ്പളം അതാത് മാസങ്ങളിൽ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; | (ബി) | ഫണ്ടിന്റെ അപര്യാപ്തതമൂലം താൽക്കാലിക ഫോറസ്റ്റ് വാച്ചർമാർക്ക് അതാത് മാസങ്ങളിലെ ശമ്പളം കൃത്യമായി നൽകുവാൻ സാധിക്കുന്നില്ല. |
| (സി) | എങ്കിൽ, തടസ്സങ്ങൾ നീക്കി ശമ്പള കുടിശ്ശിക ഉടൻ നൽകുന്നതിനും അതാത് മാസങ്ങളിൽ തന്നെ ശമ്പളം അനുവദിച്ചു നല്കുന്നതിലേക്കും ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (സി) | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക്, ശമ്പള കുടിശ്ശിക നൽകുന്നതിനും, അതാത് മാസങ്ങളിൽത്തന്നെ ശമ്പളം അനുവദിച്ച് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ജോലി ചെയ്യുന്ന മുഴുവൻ ദിവസങ്ങളിലേയ്ക്കും വേതനം അനുവദിച്ചു നൽകുന്നതിലേയ്ക്കും നടപടി സ്വീകരിക്കുമോ? | (ഡി) | ജോലി ചെയ്യുന്ന മുഴുവൻ ദിവസങ്ങളിലേയ്ക്കും വേതനം അനുവദിച്ച് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ